(ഡി) പ്രതിമാസം 1,04,905 രൂപ ശമ്പള ഇനത്തിൽ പവ്വർ ലാണ്ടറിയിലെ ജീവനക്കാർക്ക് ആകെ നൽകിവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഓങ്കോളജി യൂണിറ്റ്

135 (3089) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഓങ്കോളജി യൂണിറ്റ് എന്നാണ് സ്ഥാപിച്ചത് ;

(ബി) പ്രസ്തുത യൂണിറ്റ് ആരംഭിച്ചശേഷം നാളിതുവരെ എത്ര രോഗികൾക്ക് ഈ യൂണിറ്റ് ചികിത്സ നൽകിയിട്ടുണ്ട് ;

(സി) ഈ യൂണിറ്റിൽ എത്ര ഡോക്ടർമാരെയും നഴ്സുമാരെയും നിയോഗിച്ചിട്ടുണ്ട് ;

(ഡി) മെഡിസിൻ വിഭാഗത്തിലെ ഉപവിഭാഗമായി പ്രവർത്തിക്കുന്ന ഈ യൂണിറ്റിനെ ഒരു സ്വതന്ത്ര യൂണിറ്റായി മാറ്റുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഈ കാര്യം അടിയന്തരമായി പരിഗണിക്കുമോ ?

ഉത്തരം

(എ) 2002 മെയ് നാലിന്.

(ബി) 450 രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ട്.

(സി) മെഡിസിൻ വിഭാഗത്തിന്റെ ഉപവിഭാഗമായി പ്രവർത്തിച്ചുവരുന്ന ഈ യൂണിറ്റിൽ മെഡിസിൻ വിഭാഗത്തിലെ 3 ഡോക്ടർമാരാണ് അധിക ചുമതലയിൽ ജോലി ചെയ്യുന്നത്. നഴ്സുമാരെ നിയോഗിച്ചിട്ടില്ല.

(ഡി&ഇ) പരിഗണനയിലാണ്.

എക്സ്റേ യൂണിറ്റുകൾ

136 (3090) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്ര എക്സ്റേ യൂണിറ്റുകൾ നിലവിലുണ്ട് ; അതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തന ക്ഷമമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കേടായ എക്സ്റേ യൂണിറ്റുകൾ അടിയന്തിരമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ ഒൻപത് എക്സ്റേ യൂണിറ്റുകൾ നിലവിലുണ്ട്. ഇതിൽ നാലെണ്ണം പ്രവർത്തനക്ഷമമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു എക്സ്റേ മെഷീൻ കണ്ടനേഷന് നടപടി തുടങ്ങി. ബാക്കിയുള്ളവ നന്നാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസന പരിപാടികൾ

137 (3091) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എന്തെല്ലാം പുതിയ വികസന പരിപാടികളാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കാമോ ;

(ബി) ഈ ആശുപത്രിയിൽ ഡോക്ടർമാർ നഴ്സുമാർ, ഫാർമസിസ്റ്റുകൾ തുടങ്ങിയ വിവിധ തസ്തികകളിലായി എത്രപേർ ജോലി ചെയ്യുന്നു ; നിലവിലുള്ള ഒഴിവുകൾ എത്ര ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര ഡിപ്പാർട്ടുമെന്റുകളാണ് നിലവിൽ ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമായിട്ടുള്ളത് ;

(ഡി) പ്രസ്തുത ആശുപത്രിയിൽ പ്രതിവർഷം എത്രപേർ ഒ.പി. വിഭാഗത്തിലും ഐ.പി. വിഭാഗത്തിലും ചികിത്സയ്ക്കായി എത്തുന്നുണ്ട് ;

(ഇ) 2001-02 വർഷത്തിൽ ഇവിടെ ചികിത്സയ്ക്കായി എത്തിയവരുടെ മറ്റ് ആശുപത്രികളിൽ നിന്നും റഫർ ചെയ്യപ്പെട്ടവർ എത്രയെന്ന് പറയാമോ ;

(എഫ്) മെഡിക്കൽ കോളേജ് വികസനത്തിനുവേണ്ടി പരിസരത്തുള്ള ഭൂമി ഉടനെ ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തുനിന്ന് 2001-03 കാലയളവിൽ എത്രപേർ ഇൻപേഷ്യന്റായി ചികിത്സയ്ക്കായി എത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(എച്ച്) ആശുപത്രി വികസനത്തിന് ആവശ്യം വേണ്ടതു കഴിച്ചുള്ള ഭൂമി പരിസരവാസികൾക്ക് മടക്കി നൽകാൻ നിർദ്ദേശിക്കുമോ ;

(ഐ) കാലപ്പഴക്കം ചെന്നതും ഉപയോഗശൂന്യമായതുമായ ഉപകരണങ്ങൾ മാറ്റി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പുതിയ കാഷ്വാലിറ്റി വിപുലമായ സജ്ജീകരണങ്ങളോടുകൂടി പുതിയ സ്ഥലത്തേയ്ക്ക് മാറ്റിക്കൊണ്ട് പ്രവർത്തനം ആരംഭിച്ചു. ഇതിനോടനുബന്ധിച്ചുള്ള എമർജൻസി ഓപ്പറേഷൻ തീയേറ്റർ അടുത്ത ആഴ്ച പ്രവർത്തനം ആരംഭിക്കും. മെഡിക്കൽ ഇന്റൻസീവ് കെയർ യൂണിറ്റ് കെ.റ്റി.ഡി.എഫ്.സി.യുടെ സഹായത്തോടുകൂടി നവീകരിക്കും. ഭാഗികമായ പ്രവർത്തനം തുടങ്ങികഴിഞ്ഞു. ഇതിന് 50 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റിന്റെ ബഹുനില കെട്ടിടം പണി അവസാന ഘട്ടത്തിലാണ്. കൂടാതെ നെഫ്റോളജി യൂണിറ്റിന്റെ ഡയാലിസ്ഡ്

LIBRARY ARCHIVES Kerala Legislative Assembly